## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3904
## 31.01.2014-ലെ മറുപടിക്ക്

### ട്രഷറികളിൽ എ.ടി.എം സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതിന് ഉത്തരവിറക്കിയിട്ടും പ്രാവർത്തികമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) 14.12.2012-ലെ സ.ഉ (സാധാ) നം.10460/2012/ധന പ്രകാരം സെക്രട്ടേറിയേറ്റ് സബ് ട്രഷറിയിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേയ്മെന്റ് സബ് ട്രഷറികളിലും എ.റ്റി.എം സ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 25.04.2013-ലെ സ.ഉ (സാധാ) നം.3818/2013/ധന പ്രകാരം ടെണ്ടർ നടപടികൾ ആരംഭിക്കുവാനുള്ള ഭരണാനുമതിയും നൽകിയിരുന്നു. ദർഘാസ് നമ്പർ 01/2013 പ്രകാരം ദർഘാസ് പരസ്യം പുറപ്പെടുവിച്ചെങ്കിലും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ നടപടികൾ പൂർത്തി യാക്കാൻ സാധിച്ചില്ല. ട്രഷറികളിൽ എ.ടി.എം സ്ഥാപിക്കുന്ന വിഷയത്തിൽ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് നടത്തുന്നതിന് ഐ.റ്റി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ശമ്പളവും പെൻഷനും കൈപ്പറ്റുന്നതിന് മാസത്തിലെ ആദ്യ ദിവസങ്ങളിൽ ട്രഷറികളിലുണ്ടാവുന്ന തിരക്ക് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതു മുഖാന്തിരം സാമ്പത്തിക സ്ഥിതിയ്ക്കുണ്ടാവുന്ന പുരോഗതി കണക്കിലെടുത്ത് ഇത് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) ട്രഷറികളിൽ എ.ടി.എം സ്ഥാപിക്കുന്നതു മുഖാന്തിരം സാമ്പത്തിക സ്ഥിതിയിൽ പ്രത്യേകമായ പുരോഗതി യുണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ